# നീന

■ രഹ്ന കൊടുങ്ങല്ലൂർ



സ്കൂൾവരാന്തയിൽ തൂണിനോട് ചേർന്ന് നിൽക്കുന്ന പാറിപറന്ന മുടിയുള്ള, കണ്ണിൽ വിഷാദം നിറഞ്ഞ, ആരാലും ശ്രദ്ധിക്കപ്പെടാത്ത, ബാല്യത്തിന്റെ വർണ്ണങ്ങളില്ലാത്ത, കുസൃതികളില്ലാത്ത കുട്ടിയാണ് നീന. മൂന്നാം ക്ലാസിലാണ് പഠിക്കുന്നത്.

വരാന്തയിൽ നിന്ന് കുട്ടികളുടെ കളികൾ നിരീക്ഷിക്കുകയായിരുന്നു അവൾ. താൻ മാത്രമെന്താണ് എന്നും തനിച്ചാകുന്നതെന്ന് അവൾ ആലോചിച്ചു. അവളുടെ ക്ലാസിലെ മറ്റു കുട്ടികൾക്കെല്ലാം കൂട്ടുകാരുണ്ടായിരുന്നു.

“അതിരാവിലെ പൂ പറിക്കാൻ പോരുമോ..” അയനയുടെ നീട്ടിയുള്ള പാട്ടുകേട്ട് നീന വീണ്ടും തൂണിൽ പിടിച്ചുനിന്ന് അവരുടെ കളികൾ കണ്ടു. അവർ ഒളിച്ചുകളിക്കുകയാണ്. ഒളിച്ചുകളിക്കുന്ന രജനിയെയും കൂട്ടുകാരെയും നോക്കിയപ്പോൾ തനിക്കും ഈ കളി ഒരുപാടിഷ്ടമാണല്ലോ എന്ന് നീനയോർത്തു. ഉച്ചയൂണ് കഴിഞ്ഞുള്ള സമയമായിരുന്നു അവൾക്കേറെയിഷ്ടം. ഈ കളികളൊക്കെ കണ്ട് അങ്ങനെ നിൽക്കാം എന്നതുകൊണ്ടായിരുന്നു അത്.

ഠിണിം.. ഠിണിം.. പെട്ടെന്ന് ബെല്ലടിച്ചു.

കൂട്ടത്തോടെ ക്ലാസുകളിലേക്ക് ഓടുന്ന കുട്ടികളെ നോക്കി കുറച്ചു നേരം കൂടി അവളവിടെത്തന്നെ നിന്നു.

എല്ലാവരും കയറിയതിനു ശേഷം പതുക്കെ നീനയും തന്റെ സീറ്റിൽ പോയിരുന്നു. എന്നും രണ്ടാം ബെഞ്ചിലെ അറ്റത്തായിരുന്നു അവളുടെ സീറ്റ്.

കോമളവല്ലി ടീച്ചർ ക്ലാസിലേക്കു കയറി. ആരോടും കൂടുതൽ സംസാരിക്കാത്ത ആ ടീച്ചറും തന്നെപ്പോലെയാണോ? ബോർഡിൽ കുറേ വാക്കുകൾ എഴുതിയിട്ട് ടീച്ചർ കസേരയിലേക്ക് ചാഞ്ഞു. എല്ലാവരും മലയാളം ബുക്ക് എടുത്ത് എഴുതിപ്പഠിക്കൂ.

പിന്നെയൊരു ബഹളമായിരുന്നു. ബോക്സും ബുക്കും ബെഞ്ചും തമ്മിലുള്ള കല

ആറ്റത്തിലെ ഭാരം കൂടിയ കണം– ന്യൂട്രോൺ

ഹമാണോ എന്ന് തോന്നിപ്പോകും. ടീച്ചർ മേശയിലിട്ട് രണ്ടടി അടിച്ചപ്പോൾ എല്ലാവരും ബഹളം നിർത്തി.

നീനയും തന്റെ തുണിസഞ്ചിയിൽനിന്ന് പുറംചട്ടയില്ലാത്ത മലയാളം ബുക്കെടുത്തു. സഞ്ചി മുഴുവൻ തപ്പി തന്റെ നിറം മങ്ങിയ പേനയും കൈയിലെടുത്തു എഴുതിത്തുടങ്ങി. അപ്പോഴാണ് നീന അതു ശ്രദ്ധിച്ചത്, അയനയുടെ പേനയിൽനിന്നു എഴുതുമ്പോൾ നല്ല മണം വരുന്നു. തന്റെ തൊട്ടുമുന്നിലിരിക്കുന്ന അയന അത് രോഹിണിക്ക് എഴുതാൻ കൊടുത്തു. എന്നിട്ട് രണ്ട് വശവും തുറക്കാൻ പറ്റുന്ന തന്റെ നീല ബോക്സിൽ നിന്ന് മറ്റൊരു മണമുള്ള പേനയെടുത്ത് എഴുതിത്തുടങ്ങി. മുൻനിരയിലിരിക്കുന്ന പരിപ്പുകാരികളുടെ പേനകൾക്കും ബോക്സിനുമെല്ലാം എന്തു ഭംഗിയാണ്!

നീന അടുത്തിരുന്ന രജനിക്ക് തന്റെ പേന നൽകി. രജനിയുടെ പേന വാങ്ങി എഴുതിനോക്കി. അയനയുടെയത്ര പുതിയതല്ലെങ്കിലും തന്റെ പേനയേക്കാൾ നല്ലതായിരുന്നു രജനിയുടെ പേന. എഴുതാൻ തുടങ്ങുമ്പോഴേക്കും രജനി അവളുടെ പേന തിരികെ വാങ്ങി. അന്നേരം നീനക്ക് വലിയ വിഷമമൊന്നും തോന്നിയില്ല. അയനയുടെ പോലത്തെ പേന വാങ്ങിത്തരാൻ വീട്ടിൽ പറഞ്ഞാലോ.. അവൾ ഓർത്തു.

ഇന്നലെ എന്തിനായിരുന്നു വീട്ടിൽ അപ്പായും അമ്മായും വഴക്ക് കൂടിയത് എന്ന് എത്ര ആലോചിച്ചിട്ടും അവൾക്ക് പിടികിട്ടിയില്ല. അല്ലേലും എന്തിനാണ് അപ്പായും അമ്മയും വഴക്കിടുന്നത് എന്ന് അവൾക്കറിയില്ലാലോ... രാത്രി ഒത്തിരി നേരം വീടിനു പുറത്തിരുന്നു കരഞ്ഞിരുന്നു താനും അമ്മയും ചേച്ചിയും. ഉറങ്ങിയതെപ്പോഴെന്നറിയില്ല.

ആരോടാ താൻ ചോദിക്കുക, മണമുള്ള പേന വാങ്ങിത്തരാൻ..! വേണ്ട എനിക്കു മണമുള്ള പേന വേണ്ട...

തലയിൽ വന്നു വീണ ഡെസ്റ്റർ ആണ് അവളെ ചിന്തയിൽ നിന്നുണർത്തിയത്. തലയിലെ ചോക്കു പൊടി തട്ടിക്കളഞ്ഞ് ഡെസ്റ്ററുമെടുത്ത് നീന ടീച്ചറിന്റെയടുത്തേക്ക് നടന്നപ്പോൾ കുട്ടികളുടെ അടക്കിപ്പിടിച്ച ചിരി അവൾ കേട്ടില്ല. പകരം ഇന്നലെ രാത്രി കുറേ നേരം പേടിയോടെ കേട്ട ചീവീടിന്റെ മൂളലു മാത്രമായിരുന്നു കാതിൽ.

# കടലാസ് കല



വെറുതെയിരിക്കുമ്പോൾ ഒരു കടലാസ് കഷ്ണം കൈയിൽ കിട്ടിയാൽ അതിനെ മടക്കി ഒരു രൂപമാക്കി മാറ്റുന്ന ശീലം പലർക്കുമുണ്ടാകും. കടലാസുകൾ മടക്കി വിവിധ രൂപങ്ങൾ ഉണ്ടാക്കുന്ന ശീലം മനുഷ്യർക്ക് നേരത്തെ തന്നെ ഉണ്ടായിരുന്നു. പിൽക്കാലത്ത് പല പ്രദേശങ്ങളിലും ഇതൊരു കലാരൂപമായി വളർന്നു വരികയും ചെയ്തിരുന്നു.

ജപ്പാനിലാണ് ഈ കല ഏറ്റവും വികാസം പ്രാപിച്ചത്. കടലാസു കലക്ക് ജപ്പാൻകാർ



നൽകിയ പേരാണ് ഒറിഗാമി. 'ഒറി' എന്നാൽ മടക്കുക എന്നും 'ഗാമി' എന്നാൽ കടലാസ് എന്നുമാണ് അർത്ഥം. നൂറ് കണക്കിന് വിഭിന്നങ്ങളായ മടക്കു രീതികൾ ജപ്പാനിലുണ്ട്. ജപ്പാനീസ് പാരമ്പര്യമനുസരിച്ച് കടലാസ് മുറിക്കുകയോ ഒട്ടിക്കുകയോ ചെയ്യില്ല. ചതുരാകൃതിയിലോ ത്രികോണാകൃതിയിലോ എല്ലാം മടക്കി രൂപങ്ങൾ സൃഷ്ടിക്കുകയാണ് ചെയ്യുന്നത്. ഇങ്ങനെ നിരവധി രൂപങ്ങൾ നിർമ്മിച്ചതിന് ശേഷം അവയെല്ലാം കൂട്ടി പുതിയൊരു രൂപമുണ്ടാക്കുന്ന അൽപം ശ്രദ്ധ വേണ്ട മോഡുലാർ ഒറിഗാമി, (ത്രീഡി ഒറിഗാമി)യും ജപ്പാനിൽ പ്രശസ്തമാണ്.

രാസസൂര്യൻ എന്നറിയപ്പെടുന്ന ലോഹം– മഗ്നീഷ്യം